# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ - 1185</u>

<u>20.03.2012-ൽ</u>
<u>മറുപടിയ്ക്ക്</u>

## <u>റാന്നി ബൈപ്പാസിന്റെ നിർമ്മാണം</u>

| <u>ചോദ്യം</u><br>ശ്രീ. രാജു എബ്രഹാം | <u>ഉത്തരം</u><br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി ബൈപ്പാസിന്റെ രണ്ടാംഘട്ടത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; അംഗീകാരം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) അംഗീകാരം നൽകിയിട്ടില്ല. ഭൂമി ഏറ്റെടുക്കലിന്റെ വിവരണവും , എസ്റ്റിമേറ്റ് റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതാണ്. |
| (ബി) കോട്ടാങ്ങൽ പഞ്ചായത്തിലെ വലിച്ചാൽ പാലം നിർമ്മാണം ടെണ്ടർ ചെയ്തിരുന്നുവോ : നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിരുന്നോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; റീ - ടെണ്ടർ ചെയ്യാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) ടെണ്ടർ ചെയ്തിരുന്നു. നിർമ്മാണം തുടങ്ങിയിരുന്നെങ്കിലും കോൺട്രാക്ടർ ഇടയ്ക്ക് പണി നിർത്തി പോവുകയുണ്ടായി 2010 റിവൈസ്ഡ് എസ്.ഒ.ആർ. പ്രകാരം ബാക്കി പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) ശബരിമല പാതയിലെ പേരൂർച്ചാൽ പാലം നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ ; എന്നാണ് ടെണ്ടർ ചെയ്തത്; വർക്ക് അവാർഡ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനിയും എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; എങ്കിൽ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; | (സി) 28.2.2012-ൽ ടെണ്ടർ ചെയ്തു. ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതിനാൽ വർക്ക് അവാർഡ് ചെയ്തിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്ത് കരാറുകാരൻ എഗ്രിമെന്റ് വച്ച് കഴിഞ്ഞാൽ പണി തുടങ്ങാവുന്നതാണ്. |

| | |
|---|---|
| (ഡി) കുനംകര – കണ്ടൻ പേരൂർ റോഡ് നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് നബാർഡിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടുണ്ടോ : ഇതിന്റെ നിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) & (ഇ) ഇല്ല. ചീഫ് എഞ്ചിനിയറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) ഐത്തല – അറുവച്ചാംകുഴി റോഡ് നബാർഡിന്റെ സഹായത്തോടെ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എത്ര കോടി രൂപയാണ് പദ്ധതിക്ക് വേണ്ടിവരിക ; ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | |

സെക്ഷൻ ഓഫീസർ